
# ഐക്യതയുടെ ബലത്തിൽ ബത്തേരി പിപിഎഫ്

# 10 വർഷത്ത

Phone: 9447401590, 99




കേരളത്തിലെ മലനാടും വനനാടും വയൽനാടുമായ വയനാട്. കർണ്ണാടകം, തമിഴ്നാട് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന കേരളത്തിലെ ഏക ജില്ല. മൂന്ന് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലയിലെ ഏക താലൂക്കായ സുൽത്താൻ ബത്തേരി.

ലോക ശ്രദ്ധ നേടിയ എടയ്ക്കൽ ഗുഹ തുടങ്ങി ഒട്ടനവധി വിനോദ സഞ്ചാര കേന്ദ്രങ്ങളാലും പച്ചപ്പുതപ്പ് വിരിച്ചതുപോലുള്ള മലനിര-താഴ്വാരങ്ങളാലും പ്രകൃതി അണിയിച്ചൊരുക്കിയ നയനാനന്ദകരമായ നിരവധി വിസ്മയക്കാഴ്ചകൾ സമ്മാനിക്കുന്ന വയനാട് ജില്ലയുടെ തെക്കുകിഴക്കേ അറ്റത്തു സ്ഥിതി ചെയ്യുന്ന ഒരു ചെറിയ പട്ടണമാണ് സുൽത്താൻ ബത്തേരി. പ്രാർത്ഥനയ്ക്കായി കൂടിച്ചേർന്ന ബത്തേരിയിലെ പെന്തക്കോസ്ത് പാസ്റ്റർമാരുടെ ഐക്യ കൂട്ടായ്മ സാഭിമാനം ഒരു ദശാബ്ദത്തിലേക്ക് കടക്കുകയാണ്. അരനൂറ്റാണ്ടിലധികം പ്രാർത്ഥന പാരമ്പര്യമുള്ള വയനാട്ടിലെ പെന്തക്കോസ്ത് ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം എഴുതിച്ചേർക്കുകയാണിവിടെ. സുൽത്താൻ ബത്തേരി പാസ്റ്റേഴ്സ് പ്രെയർ ഫെലോഷിപ്പ് എന്ന പുതിയ അദ്ധ്യായം.

2008 ഓഗസ്റ്റ് മാസത്തിൽ ഒഡീഷയിലെ കാന്ദമാൽ ജില്ലയിൽ




പൊട്ടിപ്പുറപ്പെട്ട ക്രൈസ്തവ വിരുദ്ധ കലാപം. നിരവധി ക്രൈസ്തവ വിശ്വാസികൾ മതഭ്രാന്തന്മാരായ അക്രമകാരികളാൽ അതിദാരുണമായി കൊല്ലപ്പെട്ട സംഭവം. അനേക വീടുകളും സഭാഹാളുകളും അഗ്നിക്കിരയാക്കി. പ്രാണരക്ഷാർത്ഥം കൊടുംവനത്തിലേക്ക് ക്രൈസ്തവർ ഓടിപ്പോകുന്നു. ഭക്ഷണവും വെള്ളവും വസ്ത്രവുമില്ലാതെ പാവങ്ങളായ വിശ്വാസികൾ വളരെ ദുരിതമനുഭവിക്കുന്ന നാളുകൾ...അത്യന്തം ഭീതിജനകമായ ഒരു സ്ഥിതിവിശേഷം.! എങ്ങും ഹൃദയഭേദകമായ കാഴ്ചകളും ദീനരോദനങ്ങളും നിലവിളികളും...!

കാന്ദമാലിൽ ഉയർന്ന നിലവിളി രാജ്യമെങ്ങുമുള്ള ദൈവമക്കളുടെ കാതുകളിൽ മുഴങ്ങി. നമ്മുടെ കേരളത്തിലെ വിശ്വാസ സമൂഹവും ഈ നിലവിളി കേട്ടു. അവർ പ്രാർത്ഥിക്കാൻ തുടങ്ങി. വ്യക്തിപരമായും കുടുംബമായും സഭയായും വിവിധ സഭകൾ സംയുക്തമായുമൊക്കെ ഒഡീഷയുടെ വിശിഷ്യാ കാന്ദമാലിന്റെ സമാധാനത്തിനായി പ്രാർത്ഥിച്ചു.

കാന്ദമാൽ കലാപത്തിന്റെ അലയടികൾ മംഗലാപുരത്തേയ്ക്കും ബാംഗ്ലൂരിലേക്കും വ്യാപിച്ചു. അനേക വിശ്വാസികൾ ക്രൈസ്തവ വിരോധികളാൽ ആക്രമിക്കപ്പെട്ടു. അവിടംകൊണ്ടും കഴിഞ്ഞില്ല-ക്രിസ്തീയ വിശ്വാസികൾക്കെതിരെയുള്ള ആക്രമണം നമ്മുടെ കേരളത്തിലേക്കും ഒരു തീക്കാറ്റ് പോലെ പടർന്നു. കാസർഗോടിന്റെ പല ഭാഗങ്ങളിലും ക്രിസ്തീയ സഭകൾക്കെതിരെ ആക്രമണം ഉണ്ടായി. വയനാട്ടിലേക്കും അക്രമം വ്യാപിച്ചേക്കുമെന്ന് ആശങ്കപ്പെടുന്ന സാഹചര്യത്തിലാണ് സുവിശേഷ വിരോധികളാൽ ആക്രമിക്കപ്പെടുന്ന ദേശങ്ങൾക്കുവേണ്ടിയും പീഡനമേൽക്കുന്ന ദൈവജനത്തിനു വേണ്ടിയും പ്രാർത്ഥിക്കുവാൻ സഭാ അതിർവരമ്പുകൾക്കപ്പുറം ഒരു ഐക്യ കൂട്ടായ്മ ഉണ്ടാകണമെന്ന ചിന്ത വയനാട്ടിലെ ചില ദൈവദാസന്മാർക്കുണ്ടാകുന്നത്. ഏതായാലും രാജ്യത്തെങ്ങുമുള്ള ദൈവമക്കൾ കണ്ണീരോടെ പ്രാർത്ഥിച്ചു-കാണ്ഡമാലിൽ ആളിക്കത്തിയ കലാപാഗ്നിക്ക് ശമനമുണ്ടായി. എങ്കിലും അതിന്റെ കെടുതികൾ അനുഭവിക്കുന്ന പാവപ്പെട്ട വിശ്വാസികൾ ഇന്നും അവിടെ ഉണ്ട് എന്നത് നമ്മെ വേദനിപ്പിക്കുന്നു....കഷ്ടതയും ദുരിതവുമനുഭവിക്കുന്ന മറ്റുള്ളവർക്കുവേണ്ടി, മാത്രമല്ല ലോകരാജ്യങ്ങളുടെ സമാധാനത്തിനായും പ്രാർത്ഥിക്കുന്നത് ദൈവജനത്തിന്റെ ഉത്തരവാദിത്വവും ശുശ്രൂഷയുമാണല്ലോ. ആ തിരിച്ചറിവോടും ആത്മവേദനയോടും കൂടി ആ ദേശത്തിനുവേണ്ടിയും പീഡനം അനുഭവിക്കുന്ന വിശ്വാസികൾക്കുവേണ്ടിയും പ്രാർത്ഥിക്കുവാൻ സുൽത്താൻ ബത്തേരി ചീരാൽ അസംബ്ലീസ് ഓഫ് ഗോഡ് സഭാ ശുശ്രൂഷകൻ പാസ്റ്റർ സാം തോമസിന്റെ ഹൃദയത്തിൽ ദൈവം പ്രേരണ നൽകി. ക്രിസ്തീയ വിശ്വാസവും സാക്ഷ്യവും നിമിത്തം പീഡനമേൽക്കുന്ന സഹോദരീസഹോദരങ്ങളുടെ ആശ്വാസത്തിനും കുറഞ്ഞപക്ഷം പ്രാർത്ഥിക്കാനെങ്കിലും സഭാവിഭാഗ വ്യത്യാസം കൂടാതെ ഒന്നിച്ചുകൂടേണ്ടതിന്റെ ആവശ്യകത അതീവ താൽപ്പര്യത്തോടും ഗൗരവത്തോടുംകൂടി മനസ്സിലാക്കിയ അദ്ദേഹം അടിയന്തിരമായി തന്നെ സമീപ സഭകളിൽ ശുശ്രൂഷിക്കുന്ന ദൈവദാസന്മാരുമായി ഈ വിഷയം പങ്കുവച്ചു. എല്ലാവരും അതിനോടു അനുഭാവം പ്രകടിപ്പിക്കുകയും അടുത്ത ദിവസം തന്നെ സുൽത്താൻ ബത്തേരി ലൂഥറൻ ചർച്ച് ഹാളിൽ പ്രത്യേക പ്രാർത്ഥനായോഗം വിളിച്ചുകൂട്ടുകയും കാന്ദമാൽ സംഭവത്തിന്റെ പശ്ചാത്തലത്തിൽ വളരെ അത്മാർത്ഥതയോടും കണ്ണീരോടും കൂടെ പ്രാർത്ഥിക്കുകയും ചെയ്തു. ബത്തേരിയുടെ സമീപപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന 60-ലധികം പാസ്റ്റർമാർ പ്രാർത്ഥനായോഗത്തിൽ പങ്കെടുത്തു. തുടർന്ന് കാന്ദമാലിൽ കഷ്ടതയിലായിരിക്കുന്ന വിശ്വാസികൾക്കായി വസ്ത്രങ്ങൾ ശേഖരിച്ച് അവിടെയുള്ള ഒരു ദൈവദാസന്റെ പേരിൽ പാഴ്സലായി (6 വലിയ ബണ്ടിൽ) അയച്ചുകൊടുത്തു.

ഇപ്രകാരം ഒരു പ്രാർത്ഥനായോഗമോ സഹായവിതരണമോ നടത്തി പഴയതുപോലെ തങ്ങളുടെ സഭകളിൽ മാത്രം ഒതുങ്ങി കൂടാതെ ദൈവജനത്തിന്റെ ആത്മീയ ഉന്നമനത്തിനായും




## ഭാരവാഹികൾ



സാം തോമസ് | ജോസ് ശാമുവേൽ | കെ. എം. സുരേഷ് | ജോഖീം കോര | വിൻസന്റ് ആൽബർട്ട് | എബ്രഹാം ദാനിയേൽ | ജോസ് പി. എം. | പി. എ. തോമസ് | കെ. ജെ. ഫ്രാൻസിസ്

## രക്ഷാധികാരികൾ



പി. വൈ. ഗീവർഗീസ് | പി. എം. ചാക്കോ | വർഗീസ് പി. ജോസഫ്

ഭാരത സുവിശേഷീകരണത്തിനായും പ്രാർത്ഥിക്കുന്നതിനും അയൽ സഭകളെയും ശുശ്രൂഷകരെയും പരസ്പരം അറിഞ്ഞും പ്രാർത്ഥിച്ചും തുടർന്നും ദൈവദാസന്മാർ തമ്മിൽ സ്നേഹത്തിലും ഐക്യതയിലും നിലനിൽക്കണം എന്ന ആഗ്രഹത്തോടെ 2008 നവംബർ 11-ാം തീയതി സുൽത്താൻ ബത്തേരിയിലെ കൈപ്പഞ്ചേരി ഐ.പി.സി. ചർച്ചിൽ വീണ്ടും ദൈവദാസന്മാരുടെ യോഗം വിളിച്ചുചേർത്തു. മുഖ്യധാരാ-വലിയ സഭകളെന്നോ സ്വതന്ത്ര-ചെറിയ സഭകളെന്നോ വ്യത്യാസമില്ലാതെ അന്യോന്യം ധൈര്യപ്പെടുത്തി, ഐക്യതയുടെ ആത്മാവിൽ പ്രാർത്ഥനയ്ക്കായി കരം കോർക്കുവാൻ ഒരു സ്ഥിരം വേദി ഉണ്ടാകണം എന്ന അത്മാർത്ഥമായ താൽപ്പര്യം പാസ്റ്റർ സാം തോമസ് തുറന്നു പറഞ്ഞപ്പോൾ എല്ലാവരും സസന്തോഷം അതിനോടു യോജിച്ചു. സഭാവ്യത്യാസം മറന്ന് എല്ലാ ദൈവദാസന്മാരും ഒന്നിച്ചുകൂടി പ്രാർത്ഥിക്കേണ്ടതിന്റെയും പരസ്പരം സഹകരിക്കേണ്ടതിന്റെയും ആവശ്യകത യോഗത്തിൽ ചർച്ച ചെയ്യുകയും പൊതുതാൽപ്പര്യ പ്രകാരം 'ബത്തേരി പാസ്റ്റേഴ്സ് പ്രെയർ ഫെലോഷിപ്പ്' എന്ന പേരിൽ ഒരു സംയുക്ത വേദിക്ക് രൂപം നൽകുകയും ചെയ്തു. 6 പതിറ്റാണ്ടിലധികം വർഷങ്ങളുടെ പഴക്കമുള്ള വയനാട്ടിലെ പെന്തക്കോസ്ത് സഭാ പ്രവർത്തനങ്ങളുടെ ചരിത്രത്തിൽ ഒരു പുതിയ അധ്യായം എഴുതിച്ചേർത്തുകൊണ്ട് അങ്ങനെ ഇദംപ്രഥമമായി പാസ്റ്റർമാരുടെ ഒരു ഐക്യവേദി വയനാട്ടിൽ നിലവിൽ (2008 നവംബർ 11) വന്നു. പാസ്റ്റർ സാം തോമസിനെ പ്രസിഡന്റായും പാസ്റ്റർ കെ.എം. സുരേഷിനെ സെക്രട്ടറിയായും നേതൃസ്ഥാനത്തേയ്ക്ക് യോഗം തിരഞ്ഞെടുത്തു. പാസ്റ്റർമാരായ കെ.സി.ജോസഫ് (ട്രഷറർ), ജോസ് ശാമുവേൽ (പ്രെയർ കോ-ഓർഡിനേറ്റർ), എൽദോസ് കുര്യാക്കോസ് (കമ്മിറ്റി അംഗം) എന്നിവരായിരുന്നു മറ്റു ഭാരവാഹികൾ. പാസ്റ്റർമാരായ ടി.ഒ. സാബു, കെ.സി.ചാക്കോ, ഷാലു വർഗീസ് എന്നിവർ അഡ്വൈസറി ബോർഡ് അംഗങ്ങളുമായിരുന്നു. പി.പി.എഫ് രൂപീകൃതമായതിനുശേഷമുള്ള പ്രഥമ യോഗം 2008 ഡിസംബർ 16-ാം തീയതി സുൽത്താൻ ബത്തേരി ബെഥേൽ ഗോസ്പൽ അസംബ്ലി ചർച്ചിൽ ചേരുകയുണ്ടായി. തുടർന്നുള്ള വർഷങ്ങളിലും പാസ്റ്റർ സാം തോമസും പാസ്റ്റർ കെ.എം. സുരേഷും തൽസ്ഥാനങ്ങളിൽ തുടരുകയും പാസ്റ്റർമാരായ എബ്രഹാം ദാനിയേൽ (വൈസ് പ്രസിഡന്റ്), ജോഖീം കോര (ജോയിന്റ് സെക്രട്ടറി), ജോസ് ശാമുവേൽ (പ്രെയർ കോ-ഓർഡിനേറ്റർ), വിൻസന്റ് ആൽബർട്ട് (ട്രഷറർ), എന്നിവരും പാസ്റ്റർമാരായ ജെറി സഖറിയ, പി.എം. ജോസ്, ജോർജ് പൗലോസ്, വർഗീസ് പി.ജോസഫ്, കെ.ബി. തോമസ് എന്നിവർ കമ്മിറ്റിയംഗങ്ങളുമായിരുന്നിട്ടുണ്ട്. പാസ്റ്റർമാരായ കെ.കെ.മാത്യു, രാജു ജോർജ് എന്നിവരായിരുന്നു രക്ഷാധികാരികൾ.

ആരംഭനാളുകളിൽ അമ്പതോളം പാസ്റ്റർമാർ ഈ ഫെലോഷിപ്പിൽ ഉണ്ടായിരുന്നു. ഇപ്പോൾ 45-ൽപരം പാസ്റ്റർമാർ സജീവ അംഗങ്ങളായിരിക്കുന്നു. സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘടനയായും 2015 മുതൽ പി.പി.എഫ് അതിന്റെ പ്രവർത്തനങ്ങളുമായി മുമ്പോട്ടു പോകുന്നു.

ബത്തേരി പി.പി.എഫിന്റെ കൂട്ടായ പ്രാർത്ഥനയും പ്രവർത്തനവും വയനാട്ടിലെ മറ്റു പ്രധാന സ്ഥലങ്ങളിലും 'പാസ്റ്റേഴ്സ് ഫെലോഷിപ്പു'കൾ തുടങ്ങുന്നതിനു ആ മേഖലകളിലുള്ള ദൈവദാസന്മാർക്ക് പ്രചോദനമായി. കൽപ്പറ്റ, പുൽപ്പള്ളി, മാനന്തവാടി, പടിഞ്ഞാറത്തറ, മീനങ്ങാടി എന്നീ സ്ഥലങ്ങളിൽ ഇപ്പോൾ പാസ്റ്റേഴ്സ് ഫെലോഷിപ്പുകൾ സജീവമാണ്.

### *നിലവിലെ ഭാരവാഹികൾ*

പാസ്റ്റർമാരായ സാം തോമസ് (പ്രസിഡന്റ്), ജോസ് സാമുവേൽ (വൈസ് പ്രസിഡന്റ്), കെ.എം. സുരേഷ് (സെക്രട്ടറി), ജോഖീം കോര (ജോയിന്റ് സെക്രട്ടറി), വിൻസന്റ് ആൽബർട്ട് (ട്രഷറർ), എബ്രഹാം ദാനിയേൽ (പ്രെയർ കോ-ഓർഡിനേറ്റർ), പി.എം. ജോസ്, പി.എ. തോമസ്, കെ.ജെ. ഫ്രാൻസിസ് (കമ്മിറ്റിയംഗങ്ങൾ) എന്നിവർ ബത്തേരി പി.പി.എഫിന് നിലവിൽ നേതൃത്വം നൽകുന്നു. പാസ്റ്റർമാരായ പി.എം.ചാക്കോ, പി.വൈ.ഗീവർഗീസ് എന്നിവരാണ് രക്ഷാധികാരികൾ. പാസ്റ്റർ വർഗീസ് പി.ജോസഫ് മീഡിയ കോ-ഓർഡിനേറ്ററായും പ്രവർത്തിക്കുന്നു.

### *പ്രാർത്ഥനാ ദിവസങ്ങൾ/യോഗം ചേരുന്ന ദിവസങ്ങൾ, പ്രവർത്തനങ്ങൾ*

വളരെ കൃത്യനിഷ്ഠയോടെ കൂടിവരവുകൾ നടക്കുന്നതാണ് ബത്തേരി പിപിഎഫിന്റെ മുഖച്ഛായയുടെ മാറ്റ് വർദ്ധിപ്പിക്കുന്നത്. എല്ലാ മാസത്തിന്റെയും രണ്ടാമത്തെ ചൊവ്വാഴ്ച ദിവസങ്ങളിലാണ് പിപിഎഫ് പൊതുയോഗവും ഉപവാസ പ്രാർത്ഥനയും നടത്തിവരുന്നത്. ക്രമീകൃതമായി എല്ലാ മാസവും മുടങ്ങാതെ കൂട്ടായ്മകൾ കൃത്യമായി നടക്കുന്നു എന്നുള്ളത് അഭിനന്ദനാർഹമാണ്. ഓരോ വർഷാവസാനം നടക്കുന്ന യോഗത്തിൽവച്ചു തന്നെ അടുത്ത വർഷത്തിലെ ഓരോ മാസങ്ങളിലും മീറ്റിംഗുകളും ഉപവാസപ്രാർത്ഥനയും നടക്കുന്ന സ്ഥലവും സഭയും തീരുമാനിക്കും.

കൺവൻഷനുകൾ, പരസ്യയോഗങ്ങൾ, സെമിനാറുകൾ, ബൈബിൾ പഠന ക്ലാസുകൾ, വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമായുള്ള കൗൺസലിംഗ്, ക്യാമ്പുകൾ തുടങ്ങിയവ പിന്നിട്ട വർഷങ്ങളിൽ നടത്താൻ കഴിഞ്ഞത് അഭിമാനകരമാണ്. ദൈവം ശക്തമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന, പ്രസിദ്ധരായ പ്രസംഗകരടക്കമുള്ള ദൈവദാസന്മാർ ഓരോ യോഗങ്ങളിലും ശുശ്രൂഷിച്ചിട്ടുണ്ട്. ഈ യോഗങ്ങളിലെല്ലാം സുൽത്താൻ ബത്തേരിയുടെ സമീപപ്രദേശങ്ങളിലുള്ള എല്ലാ പെന്തക്കോസ്ത് സഭകളിലെയും ജനപങ്കാളിത്തം വളരെ ശ്രദ്ധേയമാണ്.




പ്രളയബാധിതർക്ക് ഒരു കൈത്താങ്ങായി ബത്തേരി പി.പി.എഫ്. (ഫയൽചിത്രം)

ശേഷം 6-ാം പേജിൽ

# മനുഷ്യന്റെ പാപ ജീവിതവും ദൈവത്തിന്റെ ന്യായ വിധിയും

**(തിരുരക്തം ഒഴുകിയത് അഞ്ചു കായങ്ങൾ വഴി മാത്രമോ? എന്ന പ്രധാന ശീർഷകത്തിലുള്ള ലേഖനത്തിന്റെ തുടർച്ച)**



**ഇവാ. പി.സി. തോമസ് മല്ലപ്പള്ളി**
☎: 9249280482

യഹോവയാം ദൈവത്താൽ സംപ്രീതനും യൗവ്വനത്തിലേയ്ക്ക് കാലൂന്നിയ സമയം തന്നെ യിസ്രായേലിന്റെ മഹാരാജസ്ഥാനത്തേയ്ക്ക് ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട് അഭിഷിക്തനാക്കപ്പെടുകയും "എന്റെ ഹൃദയം പോലെയുള്ള ദാവീദ്" എന്ന് ദൈവം സംബോധന ചെയ്യുകയും അനവധി കഷ്ടങ്ങളിലൂടെ നടത്തി പഠിപ്പിച്ച് ശൗൽ രാജാവിനു ശേഷം യിസ്രായേലിന്റെ മഹാരാജ പദവിയിലേയ്ക്ക് ദാവീദിനെ ദൈവം ഉയർത്തി; ശൗലിനേയും ദാവീദിന്റെ സകല ശത്രുക്കളേയും അവന് കീഴാക്കിക്കൊടുത്ത് സ്വസ്ഥതയും സമാധാനവും ദൈവം നൽകിയിരുന്ന കാലത്താണ് മുൻലക്കത്തിൽ വിവരിച്ച സംഭവം ഉണ്ടായത്. പരിണിതഫലമായി താൻ ദൈവത്തോട് മാപ്പപേക്ഷിച്ചപ്പോൾ ദൈവസന്നിധിയിലെ തന്റെ യോഗ്യതകൾ കണക്കിലെടുത്ത് ദൈവത്തിന്റെ നീതിന്യായകോടതിയിൽ നിന്ന് ദാവീദിനെ വെറുതെ വിട്ടില്ല; മറിച്ച് തന്റെ പ്രവർത്തിക്കു തക്ക പകരം ദൈവം കൊടുത്തു. പാപം ഏറ്റു പറഞ്ഞ് ക്ഷമ യാചിക്കുമ്പോൾ അത് നൽകണമെന്ന ദൈവീക നിയമമനുസരിച്ച് ദാവീദിന്റെ പാപം ദൈവം ക്ഷമിച്ചു കൊടുത്തു. എന്നാൽ ലംഘനം, അകൃത്യം, അതിക്രമം ഇവയ്ക്ക് തക്കതായ ശിക്ഷ തനിക്കും തന്റെ പിൻ തലമുറകൾക്കും ലഭിപ്പാനിടയായി.

നാഥാൻ പ്രവാചകനിലൂടെ ദാവീദ് ചെയ്ത തെറ്റുകൾക്ക് അവന്റെ ഭവനത്തിൽ സംഭവിപ്പാൻ പോകുന്ന അനർത്ഥങ്ങളെക്കുറിച്ച് ദൈവം അരുളിച്ചെയ്തു. "വാൾ നിന്റെ ഗൃഹത്തെ എന്നേയ്ക്കും വിട്ടുമാറുകയില്ല. നിന്റെ സ്വന്ത ഗൃഹത്തിൽ നിന്നു ഞാൻ നിനക്കു അനർത്ഥം വരുത്തും; നീ കാൺകെ ഞാൻ നിന്റെ ഭാര്യമാരെ എടുത്ത് നിന്റെ കൂട്ടുകാരന് കൊടുക്കും; അവൻ ഈ സൂര്യന്റെ വെട്ടത്തുതന്നെ നിന്റെ ഭാര്യമാരോട് കൂടെ ശയിക്കും. നീ അത് രഹസ്യത്തിൽ ചെയ്തു; ഞാനോ ഈ കാര്യം യിസ്രായേലൊക്കെയും കാൺകെ സൂര്യന്റെ വെട്ടത്തു തന്നേ നടത്തും. നീ ഈ പ്രവർത്തിയിൽ യഹോവയുടെ ശത്രുക്കൾ ദൂഷണം പറവാൻ ഹേതു ഉണ്ടാക്കിയതുകൊണ്ട് നിനക്ക് ജനിച്ചിട്ടുള്ള കുഞ്ഞ് (ബത്ത്-ശേബയിൽ ജനിച്ചത്) മരിച്ചു പോകും എന്നും യഹോവ അരുളിച്ചെയ്തു (2 ശമൂവേൽ 12 : 10 12).

രാജാക്കന്മാർക്ക് ബഹുഭാര്യത്വം നിലനിന്നിരുന്ന കാലമായിരുന്നതുകൊണ്ട് ഹെബ്രോൻ രാജവാഴ്ചയിലും യെരുശലേം (സീയോൻ) രാജവാഴ്ചയിലുമായി ശൗലിന്റെ മകൾ മീഖൾ തൊട്ട് പേരു പറയപ്പെട്ടതും പേരു പറയപ്പെടാത്തതുമായ അനവധി ഭാര്യമാരും വെപ്പാട്ടികളും ദാവീദ് രാജാവിനുണ്ടായിരുന്നു. പേരു പറയപ്പെട്ടതും പേരു പറയപ്പെടാത്തതുമായ അനവധി പുത്രന്മാരും പുത്രിമാരും ദാവീദിന് ഉണ്ടായിരുന്നു. (2 ശമുവേൽ 3: 2-5, 14, 5 : 13-16, 11 : 27). ചില വർഷങ്ങൾ കഴിഞ്ഞപ്പോൾ യഹോവയായ ദൈവം നാഥാൻ പ്രവാചകനിലൂടെ അരുളിച്ചെയ്തിരുന്ന അനർത്ഥങ്ങൾ ദാവീദിന്റെ ഗൃഹത്തെ പിൻതുടരാൻ തുടങ്ങി. ദാവീദിന്റെ ഭാര്യമാരിൽ അഹീനോവത്തിന്റെ മകനായ അമ്നോൻ, മറ്റൊരു ഭാര്യയായ മയഖയുടെ മകളായ താമാറിനെ അപമാനിച്ചതു മുഖാന്തിരം അവളുടെ സഹോദരനായ അബ്ശാലോമിന്റെ അനുയായികളാൽ വധിക്കപ്പെടുവാനിടയായി. ദാവീദ് രാജാവ് യിസ്രായേലിനെ വാണുകൊണ്ടിരിക്കുമ്പോൾ തന്നെ തന്റെ മകനായ അബ്ശാലോം ദാവീദിനെതിരെ സിംഹാസനം ഒരുക്കി യിസ്രായേലിൽ ഭരണ വാഴ്ച നടത്തി. രാജ്യം രണ്ടു ചേരിയായി തിരിഞ്ഞു. പ്രാണരക്ഷാർത്ഥം ദാവീദ്, പത്ത് വെപ്പാട്ടികളെ അരമന സൂക്ഷിക്കാനായി ഏൽപിച്ചിട്ട് ഒരു കൂട്ടം ജനവുമായി യോർദ്ദാൻ കടന്ന് അക്കരെ പോയി ഒളിച്ചു പാർത്തു. ദാവീദിന്റെയും സ്വന്തം മകനായ അബ്ശാലോമിന്റെയും പടയാളികൾ തമ്മിൽ യുദ്ധം ആരംഭിച്ചു. അബ്ശാലോം തന്റെ പരിവാരങ്ങളുമായി യെരുശലേമിലേയ്ക്കു വന്നു. അഹീഥോഫെലിന്റെ ആലോചന പ്രകാരം അബ്ശാലോമിന് വെൺമാടത്തിന്മേൽ ഒരു കൂടാരം അടിച്ച് രാജധാനി സൂക്ഷിക്കാൻ പാർപ്പിച്ചിരുന്ന ദാവീദിന്റെ വെപ്പാട്ടികളെ അതിൽ കൊണ്ടുവന്ന് എല്ലാ യിസ്രായേലും കാൺകെ അവരുടെ അടുക്കൽ ചെല്ലുകയും തന്റെ അപ്പനോടുള്ള വെറുപ്പ് യിസ്രായേൽ ജനം കാൺകെ പ്രകടിപ്പിക്കുകയും ചെയ്തു. ദാവീദിന്റെ ഭാര്യമാരെക്കുറിച്ച് (വെപ്പാട്ടികൾ) നാഥാൻ പ്രവാചകനിലൂടെ അറിയിച്ച വചനങ്ങൾ ഇങ്ങനെ നിവൃത്തിയായി.

ദാവീദും കൂട്ടരും മഹനയീമിലും, അബ്ശാലോമും കൂട്ടരും ഗിലയാദിലും പാളയമിറങ്ങി. എഫ്രയീം വനത്തിൽ വച്ച് യുദ്ധമുണ്ടായി. അബ്ശാലോമിനോടു ചേർന്ന യിസ്രായേല്യർ ഇരുപതിനായിരം പേർ വാളിനിരയായി. കോവർകഴുതപ്പുറത്ത് ഓടിച്ചു പോയ അബ്ശാലോം ഒരു കരുവേലകത്തിന്റെ ചാഞ്ഞു കിടന്ന കൊമ്പിൽ മുടി കുരുങ്ങി തൂങ്ങികിടക്കുന്നതു കണ്ട യോവാബും പത്തു പടയാളികളും ചേർന്ന് കുന്തം കൊണ്ട് മാറത്ത് കുത്തുകയും ചുറ്റും നിന്ന് അടിച്ചു കൊല്ലുകയും ചെയ്തു. വിവരം അറിഞ്ഞ ദാവീദ് നിലവിളിയോടെ ദുഃഖിച്ചു നടക്കുവാനിടയായി. ദാവീദ് ജീവിച്ചിരിക്കുമ്പോൾ തന്നെ തന്റെ മൂന്ന് ആൺമക്കൾ തനിക്ക് നഷ്ടപ്പെട്ടു. (അമ്നോൻ, അബ്ശാലോം, ബത്ത്-ശേബയിൽ ജനിച്ച ആദ്യ കുട്ടി) പിന്നീടൊരിക്കലും ദാവീദിന്റെ ജീവിതത്തിൽ സ്വസ്ഥത ഉണ്ടായിട്ടില്ല. മക്കളെച്ചൊല്ലിയുള്ള ദുഃഖവും ശത്രുക്കളാലുള്ള ഉപദ്രവവും ബുദ്ധിമോശത്താൽ ദൈവത്തിൽ നിന്നു വന്ന ശിക്ഷകളും (ജനത്തെ എണ്ണി നോക്കിയത് യഹോവക്കനിഷ്ടമായി) മൂന്നു വർഷം തുടരെ ഉണ്ടായ ക്ഷാമവും എന്തിന് താൻ വാർദ്ധക്യത്തിൽ കിടക്കയിൽ ആയിരിക്കുമ്പോഴും മുന്പ് അബ്ശാലോം ദാവീദിനെതിരെ രാജവാഴ്ച തുടങ്ങിയതുപോലെ ദാവീദിന്റെ ഭാര്യമാരിൽ ഒരാളായ ഹഗ്ഗീത്തിന്റെ മകൻ അദോനിയാവ് തനിക്കെതിരെ കൂട്ടുകെട്ടുണ്ടാക്കി സ്വയം രാജാവായി പ്രഖ്യാപിച്ചു. വിവരം അറിഞ്ഞ ദാവീദ് തന്റെ മകനായ ശലോമോനെ രാജാവായി അഭിഷേകം ചെയ്യിച്ച് ആ പ്രതിസന്ധി നീക്കുവാനിടയായി.

ചെറുപ്രായം മുതലേ യഹോവയായ ദൈവത്തെ അറിഞ്ഞും, ഭയപ്പെട്ടും, അനുസരിച്ചും, മാനിച്ചും, സേവിച്ചും അനവധി കഷ്ടങ്ങളിലൂടെ ദൈവത്തിന്റെ സ്നേഹവും പരിപാലനവും അറിഞ്ഞും അനുഭവിച്ചും ദൈവപ്രീതി നേടുകയും, ഒരു മനുഷ്യനെ സമൂഹത്തിൽ എത്രത്തോളം മാനിച്ചുയർത്താമോ അത്രത്തോളം ദൈവത്താൽ മാനിച്ചുയർത്തപ്പെട്ട ദാവീദിനെ എങ്ങനെ തകർക്കാമെന്ന് ശത്രുവായ പിശാച് ചിന്തിച്ചുകൊണ്ട് ദാവീദിനെ പിൻഗമിച്ചിരുന്നു. യിസ്രായേലിന്റെ ചക്രവർത്തിയായിരിക്കുന്ന സമയത്ത് അതിനേറ്റവും നല്ലതെന്ന് മനസ്സിലാക്കിയ പിശാച് ദാവീദിനെ വീഴ്ത്തുവാനുള്ള വഴി ആരാഞ്ഞറിഞ്ഞു. സകലത്തിലും ദൈവപ്രീതിയുള്ളവനെങ്കിലും തന്നിൽ മറഞ്ഞു കിടന്ന "സ്ത്രീ വിഷയം" എന്ന ബലഹീനത പിശാച് തന്റെ ആയുധമാക്കി ദാവീദിനെതിരെ ഉപയോഗിച്ചു. അരമനയ്ക്കടുത്തുള്ള നീർച്ചാലിൽ ബത്ത്-ശേബാ എന്ന സ്ത്രീയായി ദാവീദിന്റെ മുമ്പിൽ അതു വെളിപ്പെട്ടു. അത് ദർശിച്ച ദാവീദിന്റെ മനസ്സിൽ 'മോഹം എന്ന വിരുന്നുകാരനായി' കയറിപ്പറ്റിക്കൂടുവാൻ പിശാചിന് കഴിഞ്ഞു. തൽഫലമായി താൻ അറിഞ്ഞും അനുസരിച്ചും പോന്നിരുന്ന ദൈവത്തിന്റെ പത്തു കല്പനകളിൽ നാലും അതിനോടനുബന്ധിച്ചുള്ള ചട്ടങ്ങളും ദാവീദ് തെറ്റിച്ചു. (പുറപ്പാട് 20: 5,6,13,14,17 വാക്യങ്ങൾ). തൽഫലമായി നിയമലംഘനം എന്ന പാപം, അതിരു കടക്കുക എന്ന അതിക്രമം, അതു മൂലമുണ്ടായ പ്രവർത്തികളുടെ ഫലം എന്ന അകൃത്യം ഇവ തന്നിൽ സംഭവിച്ചു....... ● (തുടരും....)

# റീമാ ബൈബിൾ ക്വിസ്

**കൊട്ടാരക്കര:** ജീസസ് മിറക്കിൾസ് മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിൽ മെയ് 19നു കേരളാ തിയോളജിക്കൽ സെമിനാരിയിൽ ബൈബിൾ ക്വിസ്സ് നടന്നു. പാസ്റ്റർ ഡോ. ജോൺ എസ്. മരത്തിനാൽ ഉദ്ഘാടനം ചെയ്തു. സമാപന സമ്മേളനത്തിൽ എൻ. ജി. ജോൺസൻ മുഖ്യ സന്ദേശം നൽകി. സമ്മാനദാനം നടത്തി. കെ.പി. തോമസ് അദ്ധ്യക്ഷത വഹിച്ചു. ഡോ. സജി ജേക്കബ്, ജേക്കബ് മാത്യു, ജേക്കബ് ജോൺ എന്നിവർ ആശംസകൾ അറിയിച്ചു. കൊട്ടിയം ഏജി സഭാംഗം വിദ്യാ എസ്. ഒന്നാം സ്ഥാനത്തെത്തി, 10000 രൂപ ക്യാഷ് അവാർഡിനർഹയായി. തൃശ്ശൂർ ഐപിസി അംഗം പോൾ എസ്. രണ്ടാം സ്ഥാനവും ശാന്തമ്മ തങ്കച്ചൻ മൂന്നാം സ്ഥാനവും ലീലാമ്മ വർഗ്ഗീസ് നാലാം സ്ഥാനവും എൽസി കെ. ഷാരൻ അഞ്ചാം സ്ഥാനവും നേടി. ക്യാഷ് അവാർഡ് കൂടാതെ ട്രോഫിയും നൽകി.

## ഐക്യതയുടെ ബലത്തിൽ ബത്തേരി പി.പി.എഫ്. 5-ാം പേജിൽനിന്നും തുടർച്ച

### *മറ്റ് പൊതുപ്രവർത്തനങ്ങൾ*

നിശ്ചിത സമയങ്ങളിൽ ഓരോ സ്ഥലങ്ങളിൽ നടക്കുന്ന ഫെലോഷിപ്പിന്റെ യോഗങ്ങളെക്കൂടാതെ മദ്യം, മയക്കുമരുന്ന്, പുകവലി തുടങ്ങി വിവിധ ലഹരി വസ്തുക്കളുടെ ഉപയോഗങ്ങൾക്കെതിരെയും എയ്ഡ്സ് പോലുള്ള വിപത്തിനെതിരെയും ബോധവൽക്കരണ-പ്രചരണ പരിപാടികൾ പിപിഎഫ് സംഘടിപ്പിക്കുന്നു.

കേവലം പാസ്റ്റർമാരുടെ ഒത്തുചേരലിൽ മാത്രം ഒതുങ്ങി നിൽക്കാതെ സാമൂഹ്യപ്രതിബദ്ധതയോടുകൂടി പൊതുജനനന്മയ്ക്കായുള്ള പ്രവർത്തനങ്ങളും ഇടപെടലുകളും പിപിഎഫ് നടത്തിവരുന്നു. വയനാട്ടിലെ പലയിടങ്ങളിലും രൂക്ഷമാകുന്ന വന്യമൃഗ ശല്യങ്ങൾക്കെതിരെ ഉണ്ടായിട്ടുള്ള ബഹുജന പ്രക്ഷോഭങ്ങളിൽ പിപിഎഫ് ഐക്യദാർഢ്യം പ്രഖ്യാപിച്ചിട്ടുണ്ട്. അതുപോലെ വയനാട് ജനതയുടെ ചിരകാല അഭിലാഷമായ വയനാട് റെയിൽവേ, ബത്തേരി-മൈസൂർ റൂട്ടിലെ രാത്രി യാത്ര നിരോധനം നീക്കുക തുടങ്ങിയ ആവശ്യങ്ങളിലും വയനാട്ടിലെ ജനങ്ങൾക്കൊപ്പം ബത്തേരി പിപിഎഫ് നിലകൊണ്ടിട്ടുണ്ട്.

### *ചാരിറ്റി പ്രവർത്തനങ്ങൾ*

നിർധനരായ ദൈവദാസന്മാരുടെ കുടുംബങ്ങൾക്ക് വിശിഷ്യാ മരണപ്പെട്ട പാസ്റ്റർമാരുടെ വിധവകൾക്ക് സാമ്പത്തിക സഹായം, രോഗികൾക്ക് ചികിത്സാ സഹായം, 10, +2, ഡിഗ്രി ക്ലാസ്സുകളിൽ ഉന്നതവിജയം നേടിയ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം, വിവാഹ സഹായം തുടങ്ങി വിവിധ നിലകളിൽ ചെറിയ തോതിലെങ്കിലും സാമ്പത്തിക സഹായങ്ങൾ നൽകാൻ പിപിഎഫിനു കഴിയുന്നത് ശ്ലാഘനീയമാണ്. 2018-ൽ കേരളത്തിലുണ്ടായ ജലപ്രളയ സമയത്തും പിപിഎഫ് സഹായഹസ്തം നീട്ടി. പ്രളയ ദുരന്ത മേഖലകളിലൊന്നായ പറവൂരിൽ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്തു. സഭാ ഐക്യത്തെക്കുറിച്ച് കാലാകാലങ്ങളായി നാം കേൾക്കാറുണ്ടെങ്കിലും വേണ്ടവിധത്തിൽ അതൊന്നും നടപ്പിലാകുന്നില്ല എന്നതാണ് വസ്തുത. അതേസമയം കേരളത്തിന്റെ മിക്ക സ്ഥലങ്ങളിലും പാസ്റ്റേഴ്സ് ഫെലോഷിപ്പുകളും ഐക്യകൺവെൻഷനുകളും നടക്കുന്നുണ്ട് എന്നതും മറക്കുന്നില്ല.

*യെരുശലേം പട്ടണത്തിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിൽ തീ വച്ച് നശിപ്പിച്ചതും പ്രിയപ്പെട്ടവർ അവിടെ മഹാകഷ്ടത്തിലും അപമാനത്തിലുമായിരിക്കുന്നു എന്ന ദുഃഖകരമായ വാർത്ത കേട്ടപ്പോൾ നെഹമ്യാവ് ദൈവസന്നിധിയിൽ കരയുവാനും ഉപവസിക്കാനും പ്രാർത്ഥിക്കുവാനും തുടങ്ങി. മാത്രമല്ല യെരുശലേമിന്റെ അവസ്ഥയെക്കുറിച്ച് യെഹൂദന്മാരോടും പുരോഹിതന്മാരോടും പ്രഭുക്കന്മാരോടും പ്രമാണികളോടും വേലയെടുക്കുന്നവരോടും അറിയിക്കുകയും മതിലിന്റെ പുനർനിർമ്മാണത്തിനായി അവരെ ആഹ്വാനം ചെയ്യുകയും ചെയ്തു. ഉടനെ തന്നെ അവരും 'നാം എഴുന്നേറ്റു പണിയുക' എന്ന് ആഹ്വാനം ചെയ്തുകൊണ്ട് 'ആ നല്ല പ്രവർത്തിക്കായി അന്യോന്യം ധൈര്യപ്പെടുത്തി' (നെഹമ്യാവ് 1,2 അധ്യായങ്ങൾ).* അനുകരണീയമായ ഈ ഐക്യത്തിന്റെ സന്ദേശം ഉൾക്കൊണ്ട്, കാണ്ഡമാൽ സംഭവത്തിന്റെ പശ്ചാത്തലത്തിൽ സഭാഭേദം മറന്ന് ആത്മഭാരത്തോടും ഐക്യഭാവത്തോടും പ്രാർത്ഥനയ്ക്കായി ദൈവദാസന്മാർ ഒരുമനപ്പെട്ട് കൂടിവന്നപ്പോൾ ആ പ്രാർത്ഥനാ കൂട്ടായ്മയ്ക്ക് ശക്തിയുണ്ടായി. അതുകൊണ്ടുതന്നെയാണ് ദുർബലമായിപ്പോകാതെ കഴിഞ്ഞ പത്ത് വർഷങ്ങൾ ബത്തേരി പിപിഎഫിന് നിലനിൽക്കുവാൻ സാധിച്ചത്. വളരെ നിസ്വാർത്ഥതയോടുകൂടി സംവരശുശ്രൂഷകരെ കൂടെ നിർത്തിയും സഹകരിപ്പിച്ചും ഫെലോഷിപ്പിനെ നയിക്കുന്നത് പ്രതിജ്ഞാബദ്ധരായ നേതൃത്വമാണ് പിപിഎഫിന്റെ പത്തു വർഷത്തെ ജൈത്ര യാത്രയുടെ മറ്റൊരു സുപ്രധാന ഘടകം. പാസ്റ്റർമാരായ സാം തോമസ്, കെ.എം. സുരേഷ്, വിൻസൻറ് ആൽബർട്ട് എന്നിവർ തൽസ്ഥാനങ്ങളിൽ ഇപ്പോഴും തുടരുന്നത് അതിനു തെളിവാണ്.

വയനാട് ജില്ലയിലെ പെന്തക്കോസ്ത് ചരിത്രത്തിൽ ഇടം നേടി, അന്യോന്യം ധൈര്യപ്പെടുത്തിയും ഐക്യത്തിന്റെ വിജയഭേരി മുഴക്കിയും വിളങ്ങി നിൽക്കുന്ന സുൽത്താൻ ബത്തേരി പാസ്റ്റേഴ്സ് പ്രെയർ ഫെലോഷിപ്പിന് സംവരശുശ്രൂഷകരുടെയും വിശ്വാസികളുടെയും പൊതുസമൂഹത്തിന്റെയും നന്മയ്ക്കായി ഇനിയും അനേക സേവനങ്ങൾ ചെയ്യുവാനും പ്രാർത്ഥനക്കായി കൈകോർക്കുവാനും കഴിയട്ടെ...ഐക്യപ്രവർത്തനങ്ങൾ നിർവിഘ്നം തുടർന്നുകൊണ്ട് 'ഐകമത്യം മഹാബലം' എന്നത് പിപിഎഫിന്റെ പ്രവർത്തിപഥത്തിലൂടെ നീളം അന്വർത്ഥമാകട്ടെ. ●

**തയ്യാറാക്കിയത്: പാസ്റ്റർ വർഗീസ് പി. ജോസഫ്**
**(മീഡിയ കോ - ഓർഡിനേറ്റർ)**

